15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ. ഈശ്വരൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, (റിട്ടയേർഡ്) ഫയൽ ചെയ്ത OA 2254/2017 - 17.07.2019-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം. 2699/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 29.11.2019**

പരാമർശം : 1) ശ്രീ.ഈശ്വരൻ (ബി.ഡി.ഒ.) സമർപ്പിച്ച 15.05.2017-ലെ അപ്പീൽ അപേക്ഷ (Annexure A4)

2) 14.08.2017-ലെ തസ്വഭവ-ഇആർഎ2/209/2017-തസ്വഭവ നമ്പർ കത്ത്.

3) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 2254/2017-ന്മേലുള്ള 17.07.2019-ലെ അന്തിമ ഉത്തരവ്.

4) ഗ്രാമവികസന കമ്മീഷണറുടെ 23.06.2017, 02.09.2019 തീയതികളിലെ 12752/എസ്റ്റാ.ഡി1/19/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമ വികസന വകുപ്പിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. ഈശ്വരൻ, തന്റെ തടഞ്ഞുവച്ച ഡി.സി.ആർ.ജി. തുകയും ബാധ്യത ഒഴിവാക്കിയ ഡി.സി.ആർ.ജി. തുകയും റിലീസ് ചെയ്യുന്നതിനുള്ള കാലതാമസത്തിന്, വിരമിച്ച തീയതിയായ 31.08.2012 മുതൽ ഗ്രാറ്റുവിറ്റി തുക ലഭിച്ച 18.04.2017 വരെയുള്ള പലിശ നല്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ഈ ആവശ്യം സർക്കാർ പരിശോധിച്ച് ഡി.സി.ആർ.ജി. തുകയ്ക്ക് പലിശ അനുവദിക്കാൻ കെ.എസ്.ആർ.-ൽ വ്യവസ്ഥയില്ല എന്നതിനാൽ പ്രസ്തുത അപേക്ഷയിലെ ആവശ്യം പരിഗണിക്കാൻ കഴിയില്ല എന്ന് പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു. ടിയാന്റെ മൊത്തം ഡി.സി.ആർ.ജി. തുകയായ 700000/- രൂപയ്ക്ക് 31.08.2012 മുതൽ തുക റിലീസ് ചെയ്യുന്നതുവരെയുള്ള പലിശയും ഡി.സി.ആർ.ജി.-യിൽ നിന്നും തടഞ്ഞു വച്ച 38650/- രൂപയും നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA-2254/2017 നമ്പറായി ശ്രീ. ഈശ്വരൻ കേസ് ഫയൽ ചെയ്തിരുന്നു. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) ലെ വിധിന്യായത്തിൽ താഴെപ്പറയും പ്രകാരം ഉത്തരവായിരുന്നു.

"there will be a direction to the first respondent to release an amount of Rs.38650/- and interest on the amount of DCRG at the rate of 9% per annum from 01.12.2012 till the date of payment. This amount shall be released to the applicant within two months from the date of receipt of a copy of this order."

ശ്രീ.ഈശ്വരനെതിരെ കല്പറ്റ നാഷണൽ ബയോടെക് റിസർച്ച് ഡെവലപ്മെന്റ് സൊസൈറ്റിയ്ക്ക് ഫണ്ട് വിനിയോഗിച്ചതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണെന്ന് വിജിലൻസ് ഡയറക്ടർ അറിയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ കേരള സർവീസ് റൂൾ പാർട്ട് III റൂൾ 3(എ) പ്രകാരം ഡിപ്പാർട്ട്മെന്റ്/ജുഡീഷ്യൽ അന്വേഷണം നേരിടുന്ന ജീവനക്കാർക്ക് അന്വേഷണ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ നൽകിയാൽ മതിയെന്നുള്ളതിനാലാണ് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നല്കാതിരുന്നതെന്നും ശ്രീ.ഈശ്വരന്റെ പേര് പ്രതി പട്ടികയിൽ ചേർത്തിട്ടില്ല എന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീ. ഈശ്വരന്റെ പേരിൽ സർക്കാർ ബാധ്യതയായി നിശ്ചയിച്ച 30000/- രൂപയും പലിശയും ചേർന്നുള്ള സമാഹൃത ബാധ്യത സാക്ഷ്യപത്രം വയനാട് അസ്സിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ നൽകിയിരുന്നുവെന്നും ഈ 30000/- രൂപയിൽ 2010-2011 വർഷത്തിൽ പദ്ധതി മോണിറ്ററിംഗിനായി അനധികൃതമായി ചെലവഴിച്ച 15000/- രൂപയും പലിശയും ടിയാൻ സർക്കാരിലേക്ക് നേരിട്ട് ഒടുക്കിയതായും 2006-2011 മാനന്തവാടി ബി.ഡി.ഒ. ആയിരുന്ന കാലയളവിൽ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ലോക്കൽ ഓഡിറ്റ് വിഭാഗം കണ്ടെത്തിയ 38650/- രൂപ ഗ്രാറ്റുവിറ്റിയിൽ നിന്നും ഈടാക്കുന്നതിനായി പുതുക്കിയ ബാധ്യത സാക്ഷ്യപത്രം നല്കിയിട്ടുള്ളതായും അറിയിച്ചുകൊണ്ടുള്ള വയനാട് അസ്സിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും 38650/- രൂപയുടെ ബാധ്യത ഒഴിവാക്കി ബാക്കി തുക അപേക്ഷകന് അനുവദിച്ച് നല്കിയിട്ടുള്ളതായും വിജിലൻസ് കേസ് നിലനിന്നിരുന്നതിനാലാണ് ഡി.സി.ആർ.ജി. തുക നൽകുവാൻ കാലതാമസം നേരിട്ടതെന്നും ഗ്രാമ വികസന കമ്മീഷണർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. DCRG നൽകുന്നതിൽ ഉണ്ടായ കാലവിളംബം ടിയാനെതിരെയുള്ള വകുപ്പുതല/നീതിന്യായ നടപടികൾ തീർപ്പാക്കാത്തതു കൊണ്ടല്ലാത്തതിനാൽ ശ്രീ. ഈശ്വരന് 1/12/2012 മുതൽ 18/4/2017 വരെയുള്ള കാലയളവിലേയ്ക്ക്, ഡി.സി.ആർ.ജി. തുകയായ 700000/- രൂപയ്ക്ക് 9% പലിശ '2071-01-104-88 (C) NP' എന്ന ശീർഷകത്തിൽ നിന്ന് അനുവദിച്ചു കൊണ്ടും ഡി.സി.ആർ.ജി.-യിൽ നിന്നും തടഞ്ഞു വച്ച തുകയായ 38650/- രൂപ അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു. കൂടാതെ 04.05.2019 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 55/2019/ധന ഉത്തരവ് ഭാഗം III ഇനം 6-ൽ DCRG അനുവദിക്കുന്നതിലെ കാലതാമസത്തിന് കോടതി ഉത്തരവ് മൂലം പലിശ നല്കേണ്ടി വന്നാൽ, ഇത്തരത്തിൽ കാലതാമസം ഏത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നാണോ സംഭവിച്ചത് പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്നും പലിശയിനത്തിൽ സർക്കാരിനുള്ള നഷ്ടം ഈടാക്കുന്നതിനുള്ള തുടർനടപടികൾ ഗ്രാമവികസന കമ്മീഷണർ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം പരാമർശം (1) ഉത്തരവിലെ വിധി നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ആർ.എസ്. കണ്ണൻ**

**സ്പെഷ്യൽ സെക്രട്ടറി**

ശ്രീ.ഈശ്വരൻ എം., റിട്ട.ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ശരൺ നിവാസ്, ചീക്കല്ലൂർ,

കണിയാമ്പറ്റ പി.ഒ., പിൻ-673 122

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ (ഡെവ) വിംഗ് [Dev1/112/2018/Fin]
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ